അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

40 [1393] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, എം. പി. ഗംഗാധരൻ:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സ്കൂളുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയായിരുന്നു;

(ബി) ഈ അനുപാതത്തിൽ എന്തെങ്കിലും വ്യത്യാസം വരുത്തിയോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇത് വിദ്യാഭ്യാസ നിലവാരത്തെ ഏത് വിധത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1 : 45 ആയിരുന്നു. അത് അങ്ങനെതന്നെ തുടരുന്നു.

(സി) നിലവിലുള്ള അനുപാതം തുടരുന്നത് വിദ്യാഭ്യാസ നിലവാരത്തെ ബാധിക്കുമെന്ന് കരുതുന്നില്ല.

സ്കൂൾതലത്തിൽ കംപ്യൂട്ടർ വിദ്യാഭ്യാസം

41 [1394] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് കംപ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതിന്റെ പ്രാധാന്യം സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ സ്കൂൾതലത്തിൽ തന്നെ കംപ്യൂട്ടർ വിദ്യാഭ്യാസത്തിന്റെ പ്രാഥമിക പാഠങ്ങൾ പഠിപ്പിക്കുന്നതിന് സർക്കാർ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുമോ;

(സി) ഗ്രാമീണമേഖലകളിൽ കംപ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 2002-03 സ്കൂൾ വർഷത്തിൽ 8-ാം ക്ലാസ്സിലും 2003-04-ൽ 9-ാം ക്ലാസ്സിലും ഐ. റ്റി. ഒരു നിർബന്ധിത വിഷയമാണ്.

(ബി) സ്കൂൾ തലത്തിൽ തന്നെ കംപ്യൂട്ടർ വിദ്യാഭ്യാസത്തിന് സർക്കാർ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ആകെയുള്ള 2422 ഹൈസ്കൂളുകളിൽ (സർക്കാരും എയ്ഡഡും ഉൾപ്പെടെ) 2197 സ്കൂളുകളിൽ ഐ. ടി. സ്കൂൾ പ്രോജക്ട് നിർദ്ദേശിച്ചതനുസരിച്ചുള്ള കംപ്യൂട്ടർ ലാബുകൾ (കുറഞ്ഞത് 5 കംപ്യൂട്ടർ എങ്കിലും) സ്ഥാപിച്ചിട്ടുണ്ട്. 97 സർക്കാർ ഹൈസ്കൂളുകളും 128 എയ്ഡഡ് ഹൈസ്കൂളുകളിലും ഇനിയും കംപ്യൂട്ടർ ലാബ് സജ്ജമാക്കാനുണ്ട്. ഇതിനായി സർക്കാർ 4.81 കോടി രൂപ ചെലവഴിച്ച് 267 ഗവൺമെന്റ് സ്കൂളുകളിലും 1.75 കോടി രൂപ ചെലവിൽ 123 ഗവൺമെന്റ് സ്കൂളുകളിലും 5 കംപ്യൂട്ടർ വീതമുള്ള ലാബ് സജ്ജീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 26-8-2002-ലെ 2790-ാം സർക്കാർ ഉത്തരവുപ്രകാരം 17 ഏജൻസികളെ സംസ്ഥാനത്തൊട്ടാകെ സ്കൂളുകളിൽ കംപ്യൂട്ടർ ലാബുകൾ സജ്ജീകരിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തൊട്ടാകെ 200-ഓളം അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകി മാസ്റ്റർ ട്രെയിനർമാരായി നിയോഗിച്ചിട്ടുണ്ട്. ഇവരെ ഉപയോഗപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ കുട്ടികൾക്ക് കംപ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിനായി ആകെ 27285 അദ്ധ്യാപകർക്ക് പരിശീലനവും നൽകിയിട്ടുണ്ട്. ഇനിയും ബാക്കിയുള്ള അദ്ധ്യാപകർക്ക് തുടർന്നും പരിശീലനം നൽകിവരുന്നു. ഐ. റ്റി. പഠനം ഹൈസ്കൂൾ ക്ലാസ്സുകളിൽ സുഗമമാക്കുന്നതിലേക്ക് ആവശ്യമായ ടെക്സ്റ്റ് ബുക്കുകളും റിസോഴ്സ് സിഡികളും ഇതിനകം വിതരണം നടത്തിവരുന്നു.

(സി) ഉണ്ട്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 62 സർക്കാർ സ്കൂളുകൾക്ക് 5 കംപ്യൂട്ടർ വീതം വിതരണം ചെയ്തുകഴിഞ്ഞു. 4.81 കോടി രൂപ ചെലവഴിച്ച് 267 സ്കൂളുകളിലും 1.75 കോടി രൂപ ചെലവിൽ 123 സ്കൂളുകളിലും 5 കംപ്യൂട്ടർ വീതമുള്ള ലാബ് സജ്ജീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സ്കീമുകളെല്ലാം ഗ്രാമീണ മേഖലയ്ക്കാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്.

സർവ്വശിക്ഷാ അഭിയാൻ പദ്ധതിമൂലം ഉണ്ടായിട്ടുള്ള പുരോഗതി

42 [1395] ശ്രീ. സ്റ്റീഫൻ ജോർജ്:
,, തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതിനുസരിച്ച് നടപ്പു സാമ്പത്തികവർഷം എന്ത് തുക ഓരോ ജില്ലയ്ക്കും ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly